## മധുരമായ കുട്ടികളേ - ഇപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം അതുകൊണ്ട് ദേഹാഭിമാനത്തെ ത്യജിക്കൂ, ഞാൻ വളരെ നല്ലവനാണ്, ധനവാനാണ് ഇങ്ങനെയുള്ള ചിന്തകളെയെല്ലാം വിട്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ.

**ചോദ്യം:-** ഏതു നിശ്ചയത്തിന്റെ അഥവാ ധാരണയുടെ ആധാരത്തിൽ നിങ്ങൾ കുട്ടികൾക്ക് വളരെ ഉയർന്ന ഭാഗ്യമുണ്ടാക്കാൻ കഴിയും?

**ഉത്തരം:-** ഒന്നാമതായി ഞാൻ ആത്മാവാണെന്നുള്ള നിശ്ചയം വേണം. എനിക്കിപ്പോൾ ഈ ശരീരത്തെ ഉപേക്ഷിച്ച് തിരിച്ച് വീട്ടിലേയ്ക്ക് പോകണം, അതുകൊണ്ട് ഈ ലോകത്തോട് മനസ്സ് വെക്കരുത്. 2. എന്നെ പഠിപ്പിക്കുന്നതും തിരികെ കൊണ്ടുപോകുന്നതും ശിവബാബയാണ്, എനിക്ക് ബാബയുടെ ശ്രീമതപ്രകാരം നടക്കണം. ശ്രീമതപ്രകാരം നടന്ന് തന്റെയും തന്റെ മിത്ര സംബന്ധികളുടേയും മംഗളം ചെയ്യണം. ഏതു കുട്ടികളാണോ ശ്രീമതപ്രകാരം നടക്കാത്തതും അഥവാ പഠപ്പിക്കുന്ന ബാബയിൽ നിശ്ചയം വെക്കാത്തതും അവർ ഒന്നിനും കൊള്ളാത്തവരാണ്. അവർ പതുക്കെപ്പതുക്കെ അപ്രത്യക്ഷമാകും. ഉയർന്ന ഭാഗ്യമുണ്ടാക്കാനും കഴിയുകയില്ല.

**ഗീതം:-** ഓം നമോ ശിവായ....

**ഓം ശാന്തി**. കുട്ടികളിരിക്കുകയാണ്, അറിയുന്നുമുണ്ട് ബാബയുടെ മുന്നിലാണിരിക്കുന്നതെന്ന്. സന്യാസിയുടേയോ മിത്ര സംബന്ധികളുടെ കൂടെയൊന്നുമല്ലാ ഇരിക്കുന്നത്. ജന്മ-ജന്മങ്ങളായോർത്തുവന്ന പരമപ്രിയനായ അച്ഛന്റെ മുന്നിലാണിരിക്കുന്നതെന്ന് കുട്ടികൾക്കറിയാം. സന്യാസിമാരുടെയാണെങ്കിൽ ഫോളോവേർസാണ്. താമസിക്കുന്നത് തന്റെ വീട്ടിലാണ്. ഫോളോവേർസെന്നു പറയുന്നു, പക്ഷെ ഫോളോ ചെയ്യുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ഫോളോ ചെയ്യണം. ബുദ്ധിയിലുണ്ടായിരിക്കണം നാം ആത്മാക്കളാണ്, ബാബ എവിടെപ്പോകുന്നുവോ, നമ്മളും അവിടെപ്പോകും. നിരാകാരനായ ബാബ പരംധാമത്തിൽ നിന്നാണിവിടെ വന്നിരിക്കുന്നത്, പതിതരെ പാവനമാക്കി മാറ്റാൻ. വരികയാണെങ്കിൽ പതിത ലോകത്തിലും പതിത ശരീരത്തിലും വരണമല്ലോ. ആരാണ് ഒന്നാം നമ്പറായി പാവനമായിരുന്നത്, ആരാണോ 84 ജന്മമെടുത്തത്, അദ്ദേഹത്തിലിരുന്നാണ് ഈ കാര്യങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. ഇവിടെ വളരെയധികം കുട്ടികളിരിക്കുന്നുണ്ട്. ടീച്ചർ ഒരാളെ മാത്രമായി പഠിപ്പിക്കുമോ? ഭഗവാനു വാചാ - അർജ്ജുനനോട് മാത്രം, അങ്ങിനെ ഒരിക്കലുമുണ്ടാകുകയില്ല. കുട്ടികൾ മനസ്സിലാക്കുകയാണ് നാം ആത്മാക്കൾ ബാബയുടെ മുന്നിലിരിക്കുകയാണെന്ന്. വേറെ ഒരു സദ്സംഗത്തിലും ഇങ്ങിനെ മനസ്സിലാക്കുന്നുണ്ടാകുകയില്ല. നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്, നിങ്ങൾക്കിപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ശരീരം ഇവിടെത്തന്നെ ഉപേക്ഷിക്കണം, അതുകൊണ്ട് ദേഹബോധത്തെ ഉപേക്ഷിക്കൂ. ഞാൻ വളരെ നല്ലവനാണ്, സമ്പന്നനാണ് എന്നീ ചിന്തകളെയെല്ലാം വിട്ട് ഞാൻ ആത്മാവാണെന്ന നിശ്ചയം വേണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് ബാബയുടെ കൂടെ പോകണം. ശിവബാബ പറയുകയാണ് എനിയ്ക്ക് ഈ ദേഹത്തിന്റെ അഭിമാനമില്ല കാരണം എനിയ്ക്ക് എന്റേതായ ദേഹമൊന്നുമില്ല. നിങ്ങൾക്കും ആദ്യം ഈ ദേഹബോധമുണ്ടായിരുന്നുവോ, നിങ്ങൾ ആത്മാക്കൾ എന്റെ കൂടെയായിരുന്നപ്പോൾ. പിന്നീട് നിങ്ങൾ 84 ജന്മത്തിന്റെ പാർട്ടഭിനയിച്ചു. നിങ്ങൾ പറയും, ഞങ്ങൾ രാജ്യഭാഗ്യമെടുത്തിരുന്നു, പിന്നീടത് നഷ്ടപ്പെടുത്തി. ഇപ്പോൾ ഞാൻ നിങ്ങളെ തിരിച്ച് മുക്തിധാമിലേയ്ക്ക് കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. ശരീരത്തെക്കൊണ്ടു പോകുകയില്ല. ഈ പഴയ ശരീരത്തിന്റെ ചിന്തയെ ബുദ്ധിയിൽ നിന്നകറ്റണം. നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെ ഇരിക്കണം. ഇത് സന്യാസി മഠമൊന്നുമല്ല. തന്റെ വീടിനേയും കുടുംബത്തെയും സംരക്ഷിക്കണം, അവരാണെങ്കിൽ എല്ലാമുപേക്ഷിച്ച് പോകുകയാണ്. ബാബ കുട്ടികളെക്കൊണ്ട് ഉപേക്ഷിപ്പിക്കുന്നില്ല. ബാബ പറയുകയാണ് നിങ്ങൾ നിങ്ങളുടെ കുട്ടികളോട് പറയൂ ശിവബാബയെ ഓർമ്മിക്കാൻ. മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ അവർക്കും ശിവബാബയോട് സ്നേഹമുണ്ടാകും. ശിവബാബ എത്ര മധുരമാണ്, സ്നേഹിയാണ്. എല്ലാവരെയും ഇവിടെ ഇരുത്തുകയാണെങ്കിൽ കുട്ടികളെ ആര് സംരക്ഷിക്കും. ഇവിടെ ഇങ്ങിനെയും കുറെ കുട്ടികളുണ്ട്, അവർ ഇവിടെ നിന്ന് ശരീരം വിട്ട് പോയി, അടുത്ത ജന്മമെടുത്ത് ബാബയിൽ നിന്ന് സമ്പത്തെടുക്കാൻ ഇവിടെത്തന്നെ വരും. ഞാൻ ആത്മാവാണെന്നുള്ള നിശ്ചയം വേണം. ഈ ശരീരത്തെയുപേക്ഷിച്ച് തിരിച്ച് പോകേണ്ടതുണ്ട്. നമ്മുടെ മനസ്സ് ഇവിടെയിരിക്കുന്നില്ല. സന്യാസികൾ പറയുകയാണ് അവർ ബ്രഹ്മത്തിൽ ലയിച്ചുചേരുമെന്ന്. അനേക തരത്തിലുള്ള മതമതാന്തരങ്ങളുണ്ട്, ഇപ്പോൾ നിങ്ങൾക്ക് ഇവിടെയാണെങ്കിൽ ഒരേയൊരു ബാബയുടെ മതമേയുള്ളൂ. ബാബ വന്നിരിക്കുകയാണ് നാം ആത്മാക്കളെ തിരിച്ച് കൊണ്ടുപോകാൻ വേണ്ടി. സത്യ

യുഗത്തിൽ ഇത്രയും ധർമ്മങ്ങളൊന്നുമുണ്ടാകുകയില്ല. ഇപ്പോൾ സത്യയുഗത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബാബ അവതരിച്ചിരിക്കുകയാണ്. നിങ്ങളിപ്പോൾ വീണ്ടും യൗവ്വനസ്ഥിതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. പുനരവതരണം എന്ന ശബ്ദം ഒരു ബാബയെക്കുറിച്ച് മാത്രമേ പറയാൻ കഴിയുകയുള്ളൂ. വളരെയധികം കുട്ടികളെഴുതുന്നുണ്ട് ബാബാ, ഞങ്ങളുടെ ജീവിതത്തിൽ നല്ല പരി വർത്തനമുണ്ടായിട്ടുണ്ട്, എന്നാൽ ചിലപ്പോൾ കുറച്ച് ദേഷ്യം വരാറുണ്ട്. ശരിയാണ്, കുട്ടികളേ അങ്ങിനെ യുണ്ടാകുക തന്നെ ചെയ്യും. അസുഖം പെട്ടെന്ന് വിട്ടുപോകുമോ? എല്ലാ ഗുണങ്ങളും നഷ്ടപ്പെട്ട് ഇപ്പോൾ നിർഗുണവാനായിരിക്കുകയാണ്. ഇനി ഗുണവാനായി മാറണം. നിങ്ങൾക്ക് അളവറ്റ സമ്പത്ത് ലഭിക്കുന്നു. അവിടെ ലോഭത്തിന്റെ കാര്യമേയുണ്ടാകുകയില്ല. ഇവിടെ ലോഭത്തിന്റെ പിടിയിൽ വന്ന് എത്ര മോഷണങ്ങളാണ് ചെയ്യുന്നത്. ഓഫീസർമാരുടെ അശ്രദ്ധ മുഖേന എത്ര ധാന്യങ്ങളാണ് ഗോഡൗ ണുകളിൽ കേടുവന്നു പോകുന്നത്, പിന്നീട് അതിനെ കത്തിച്ചു കളയുന്നു. ഇവിടെയാണെങ്കിൽ ആൾക്കാർ പട്ടിണി കിടക്കുകയാണ്. നിങ്ങൾ മനസ്സിലാക്കുകയാണ് നമ്മെ ശിവബാബ പഠിപ്പിക്കുകയാണ്. ഏതുവരേയും ശിവബാബ പഠിപ്പിക്കുകയാണെന്നുള്ള നിശ്ചയമില്ലായെങ്കിൽ, യാതൊരു പ്രയോജനവുമില്ല. ബാബ മന സ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങളുടെ ആത്മാവ് പതിതമായിരിക്കുകയാണെന്ന് ഇപ്പോൾ പാവനമായിക്കൊ ണ്ടിരിക്കുകയാണ്. ശ്രിമത പ്രകാരം തീർച്ചയായും നടക്കണം. തന്റെ ഇഷ്ടം പോലെ നടക്കരുത്. കൂട്ടു കാരെയും ശ്രിമതപ്രകാരം നടത്തി മംഗളം ചെയ്യണം. ബാബക്ക് കത്തെഴുതണം. ശ്രീമതപ്രകാരം എഴു തുന്നില്ലായെങ്കിൽ തന്റെ അമംഗളം വരുത്തിവെക്കും. വളരെ പേർ കാര്യങ്ങൾ മറച്ച് വെച്ച് കത്തെഴുതാ റുണ്ട്. പഠിപ്പിക്കുന്നവനായ ബാബയിരിക്കുകയാണ്, ബാബയോട് തീർച്ചയായും സത്യം പറയണം. ബാബ നിങ്ങളെ ഇങ്ങിനെ കത്തെഴുതാൻ പഠിപ്പിക്കാം, കത്തു വായിക്കുന്നവർക്ക് രോമാഞ്ചമുണ്ടാകത്തക്ക വിധത്തിൽ. ബാബ ഒന്നിനും വിരോധം പറയുന്നില്ല, എല്ലാം നിറവേറ്റണം. അല്ലെങ്കിൽ ഉദാരത വീട്ടിൽ നിന്നാരംഭിക്കണം *(ചാരിറ്റി ബിഗിൻസ് അറ്റ് ഹോം)* എന്ന് എങ്ങിനെ പറയും. ചിലർ ശ്രീമതപ്രകാരം നട ക്കുന്നില്ല, അവർ ബാബയുടെ കൈ വിട്ടുപോകുന്നു. ഭാഗ്യത്തിലില്ലായെങ്കിൽ നടക്കാൻ കഴിയുകയില്ല. അങ്ങിനെയുള്ള വളരെ പുരുഷന്മാർ വരുന്നുണ്ട് – അവരുടെ പത്നിമാർ വരുന്നില്ല, അംഗീകരിക്കുന്നില്ല. ശിവബാബ പറയുകയാണ് നിങ്ങൾ ബലഹീനരാണ്. അവരേയും പറഞ്ഞു മനസ്സിലാക്കൂ. പറയൂ, നിങ്ങൾ പ്രതിജ്ഞ ചെയ്തിരുന്നുവല്ലോ ആജ്ഞ പാലിക്കാമെന്ന്. നിങ്ങൾക്ക് നിങ്ങളുടെ സ്ത്രീകളെപ്പോലും വശ ത്താക്കാൻ കഴിയുകയില്ലായെങ്കിൽ എങ്ങിനെ വികാരങ്ങളുടെ മേൽ വിജയം കൈവരിയ്ക്കും. നിങ്ങ ളുടെ കടമയാണ് സ്ത്രീയെ തന്റെ വശത്ത് വെയ്ക്കുകയെന്നത്, സ്നേഹത്തോടുകൂടി പറഞ്ഞുമനസ്സിലാ ക്കണം. ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് ഈ സമയത്തെ കാര്യങ്ങളാണ്. നിങ്ങൾ ബ്രാഹ്മണർ മുമ്പെ ബുദ്ധിഹീനരായിരുന്നു. ഇപ്പോൾ ബാബ ബുദ്ധിവാന്മാരാക്കിയിരിക്കുകയാണ്.

നിങ്ങൾ കുട്ടികൾക്കറിയാം ശിവബാബ അയ്യായിരം വർഷം മുന്നെയും ഇങ്ങിനെയുള്ള പാർട്ടഭിനയിച്ചിട്ടു ണ്ടായിരിക്കും. ഇങ്ങിനെത്തന്നെയായിരിക്കും അന്നും പറഞ്ഞിരുന്നത്, ഈ ബ്രഹ്മാവും മനസ്സിലാക്കിയി ട്ടുണ്ട്. നിങ്ങളിപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ആരാണോ നല്ല രീതിയിൽ സേവനം ചെയ്യുന്നത് അവർ ഫരിസ്തകളാകും. കണക്കുകൾ അവസാനിച്ചിട്ടില്ലായെങ്കിൽ ശിക്ഷകളനുഭവിക്കേണ്ടി വരും. ഇപ്പോൾ നിങ്ങൾ സന്മുഖമിരിക്കുകയാണ്. ശിവബാബ നിങ്ങളെ കേൾപ്പിക്കുകയാണ്. ഇങ്ങിനെ യാകരുതരുത് ബ്രഹ്മാവാണ് പറയുന്നതെന്ന്. ശിവബാബ പറയുകയാണ് കുട്ടികളേ, ഇപ്പോൾ നാടകം അവസാനിക്കാൻ പോകുകയാണ്. നിങ്ങൾ എന്നോട് യോഗം വെയ്ക്കുകയാണെങ്കിൽ പവിത്രമായി മാറും. നിങ്ങൾ കുട്ടികൾക്കറിയാം പ്രിയതമൻ ഇപ്പോൾ തിരികെ കൊണ്ടുപോകൻ വന്നിരിക്കുകയാണ്, നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്തൊരത്ഭുതമാണ്! നിങ്ങളെത്ര സൗഭാഗ്യശാലികളാണ്: ഒരേയൊരു ബാബയുടെ ശ്രീമതമനുസരിച്ച് നടക്കേണ്ടതല്ലേ? ബാബ പറയുകയാണ് നിങ്ങൾ ശ്രേഷ്ഠ രിലും ശ്രേഷ്ഠരാണ്. ഞാൻ ശ്രീ–ശ്രീയാണ്. നിങ്ങളെയും ശ്രീ–ശ്രീ ശ്രേഷ്ഠരാക്കിമാറ്റുന്നു. ശ്രേഷ്ഠമായ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. ഇവിടെ എത്ര പതിതരാണ്, എന്നാൽ സ്വയത്തിന് ശ്രീ എന്ന ടൈറ്റിലും വെയ്ക്കുന്നു. നിങ്ങൾ രാവണനുമുകളിൽ വിജയം പ്രാപ്തമാക്കുന്നു. നിങ്ങളുടെ ആത്മാകുന്ന സൂചിയിൽ തുരുമ്പ് പിടിച്ചിരിക്കുകയാണ്. ഇപ്പോൾ കാന്തം വന്ന് തുരുമ്പ് കളയുകയാണ്. വൃത്തിയാകുകയാണെ ങ്കിൽ എനിക്കൊപ്പം വരും, തുരുമ്പിളക്കുന്നതിന് ബാബയെ ഓർമ്മിക്കൂ. മാതാക്കൾ കൃഷ്ണന്റെ വായിൽ വെണ്ണ കാണുന്നു. അത് സ്വർഗ്ഗമാകുന്ന വെണ്ണയാണ്. രണ്ടു പൂച്ചകൾ അന്യോന്യം കലഹിക്കുന്നു, വെണ്ണ ശ്രീകൃഷ്ണനു തന്നെ ലഭിക്കും. ശ്രീകൃഷ്ണൻ ഒറ്റയ്ക്ക് രാജ്യം ഭരിക്കുമോ? സൂര്യവംശീ, ചന്ദ്ര വംശീ കുലങ്ങൾ വരുന്നു. അതിനുശേഷം രാജാക്കന്മാരുടെ പരമ്പര വരുന്നു. അതും വളരെ കാലം നട ക്കുന്നു. അവസാനം പ്രജകളുടെ മേൽ പ്രജകളുടെ ഭരണം നടക്കുന്നു. മനസ്സിലാക്കുകയാണ് ബാബ നമ്മെ പാർട്ടഭിനയിക്കുന്നതിന് അയച്ചിരിക്കുകയായിരുന്നു. സ്വർഗ്ഗത്തിൽ നമ്മൾ വളരെ സുഖികളായിരു ന്നു. 21 ജന്മത്തെ സമ്പത്തെന്ന് ഭാരതത്തിൽ തന്നെയാണ് വാഴ്ത്തപ്പെട്ടിട്ടുള്ളത്. ആ കന്യകമാർ 21 ജന്മ ത്തേയ്ക്കുള്ള സമ്പത്ത് നൽകിപ്പിക്കുന്നു. ബാബ എത്ര നല്ലരീതിയിലാണ് പറഞ്ഞു മനസ്സിലാക്കിത്തരു

ന്നത്, എന്നിട്ടും ചിലരുടെ പഴയ അഴുക്കുപിടിച്ച അവഗുണങ്ങൾ പോകുന്നേയില്ല. ബാബ വലിയ മാർഷലുമാണ്. ബാബയുടെ ഒപ്പം ധർമ്മരാജനുമുണ്ട്. ശ്രീമതപ്രകാരം നടക്കുന്നില്ലായെങ്കിൽ ബാബയുടെ വലം കൈയ്യായി ധർമ്മരാജനുമുണ്ട്. ബാബയുടെ മടിത്തട്ടിൽ ജന്മമെടുത്ത് പിന്നെ അവിടെപ്പോയി മരിക്കുന്നു, എത്ര നഷ്ടമാണ് വരുത്തിവെയ്ക്കുന്നത്. ശ്രീമതപ്രകാരം നടക്കുന്നില്ലായെങ്കിൽ മരിച്ചുപോകുന്നു. എത്ര പറഞ്ഞുതരുന്നു, കേവലം ബുദ്ധികൊണ്ട് മനസ്സിലാക്കൂ, ബാബാ, ഞാൻ അങ്ങയുടെയാണ്. ഈ സമയത്ത് മുഴുവൻ ലോകവും കല്ലുബുദ്ധിയാണ്. ഈ ബാബയും പറയുകയാണ്, ഞാൻ ശാസ്ത്രം മുതലായതെല്ലാം പഠിച്ചിരുന്നു, പക്ഷെ ഒന്നും മനസ്സിലായിരുന്നില്ല. ആരെങ്കിലും പറയുകയാണ് എനിയ്ക്ക് ഈ കാര്യങ്ങളെല്ലാം ഗുരുവിൽ നിന്നാണ് അറിയാൻ കഴിഞ്ഞതെങ്കിൽ, എന്താ ഗുരുവിന്റെ ശിക്ഷണം ഒരാൾക്കുമാത്രമേ ലഭിച്ചുള്ളൂ? ഗുരുവിന്റെ ഫോളോവേർസ് വളരെയധികം പേരുണ്ടാകാറുണ്ട്. ഗുരുവിന്റെ ശിക്ഷണമെടുത്തെങ്കിൽ ഗുരുവിന്റെ പദവിയും എടുത്തുകാണണമല്ലോ. ഇത് വളരെ വ്യത്യസ്ഥമായ കാര്യമാണ്. ശിവബാബ ഇദ്ദേഹത്തിലൂടെ പഠിപ്പിച്ച്, സർവ്വതിൽ നിന്നും ബുദ്ധിയോഗത്തെ അകറ്റുന്നു. വളരെ പെട്ടെന്ന് സർവ്വതിൽ നിന്നും മോചിപ്പിച്ചു. വളരെയധികം കുട്ടികളും ഇങ്ങിനെ ചെയ്തു. ഭട്ഠി നടക്കേണ്ടിയിരുന്നു, പാക്കിസ്ഥാനിൽ കുട്ടികളുടെ എത്ര നല്ലരീതിയിലാണ് സംരക്ഷണമുണ്ടായത്. ബുദ്ധിവാന്മാരുടേയും ബുദ്ധിവാനായ ബാബയുണ്ടായിരിന്നു. ഞങ്ങൾ പാക്കിസ്ഥാൻ ഗവർമെന്റിനോട് നല്ല ധാന്യങ്ങൾ ലഭിക്കുന്നില്ലായെന്നു പറയുമ്പോൾ അവർ പറഞ്ഞിരുന്നു നിങ്ങൾ വന്ന് നിങ്ങൾക്കിഷ്ടമുള്ളതെടുത്തുകൊള്ളൂ. ബുദ്ധിയുടെ പൂട്ട് തുറപ്പിച്ചിരുന്നത് ബാബയായിരുന്നു. അല്പമൊക്കെ സഹിക്കേണ്ടിയും വരുന്നു. കുമാരിമാർ എത്ര അടിയാണ് വാങ്ങിക്കുന്നത്. അവരെത്ര ഓർമ്മിക്കുന്നു. ബാബാ, അത്ഭുതം തന്നെ അങ്ങയുടെ കാര്യം, ഞങ്ങൾക്ക് ഈശ്വരീയ ലോട്ടറി ലഭിക്കുന്നു. കുട്ടികൾക്ക് എത്ര മധുരമുള്ളവരായി മാറണം, വളരെ സ്നേഹത്തോടെ നടക്കണം. വീട്ടിലുള്ളവരേയും കൊണ്ടുവരണം. രചയിതാവ് ഓടിപ്പോയി എങ്കിൽ എന്തായിരിക്കും രചനയുടെ സ്ഥിതി. ഇവിടെ സന്യാസിമാരുടെ ഈ പാർട്ടുണ്ടായിരുന്നു, ആ സമയത്ത് പവിത്രതയുടെ ആവശ്യമായിരുന്നു. നമ്മുടെ ഈ കളി ഇങ്ങിനെയുണ്ടാക്കപ്പെട്ടതാണ്. മുഴുവൻ രാജധാനിയും ഇവിടെയാണ് സ്ഥാപിതമാകുന്നത്. സത്യയുഗത്തിൽ പതിതരെ പാവനമാക്കുകയില്ല. ഈ സംഗമയുഗമാണ് പ്രസിദ്ധമായിട്ടുള്ളത്. ബാബ പറയുകയാണ് ഞാൻ മുമ്പെയും പറഞ്ഞിരുന്നു, ഞാൻ കല്പ-കലപ സംഗമയുഗത്തിൽ വരുന്നു. അവരാണെങ്കിൽ പിന്നെ യുഗേ-യുഗേ, കൂർമ്മം-മത്സ്യാവതാരമെന്നെല്ലാമെഴുതി വെച്ചിരിക്കുകയാണ്. മനുഷ്യരും ശരി, ശരി എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. രാവണ രാജ്യമാണല്ലോ. സന്യാസിമാർ സദാ ശാന്തി ആഗ്രഹിക്കുന്നു, സുഖത്തെ മാനിക്കുന്നില്ല. അവർ പറയും ജ്ഞാനം ശരിയല്ലെന്ന്. ലോകത്തിൽ എവിടെയാണ് സുഖം? രാമനുണ്ടായിരുന്നപ്പോൾ രാവണനുമുണ്ടായിരുന്നു. കൃഷ്ണനുണ്ടായിരുന്നപ്പോൾ കംസനുമുണ്ടായിരുന്നു, പിന്നെയെങ്ങിനെ സ്വർഗ്ഗത്തിൽ അപാര സുഖമുണ്ടാകും? കൃഷ്ണനെ എത്ര സ്നേഹിക്കുന്നു. ഇത്രയും സ്നേഹം സ്വർഗ്ഗത്തിലേ ലഭിക്കൂ. ഇപ്പോൾ നിങ്ങളുടെ മനോകാമനകൾ പൂർണ്ണമാകുന്നു. കൃഷ്ണപുരിയിലേയ്ക്ക് കൊണ്ടുപോകാൻ വേണ്ടി ബാബ നമ്മെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്. അതുകൊണ്ട് ബാബയോട് വളരെ സത്യം സത്യമായിരിക്കണം. ഒളിപ്പിച്ചുവെച്ചാൽ വളരെ നഷ്ടം വരുത്തിവെയ്ക്കും. കേൾപ്പിച്ചില്ലായെങ്കിൽ തെറ്റുകൾ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ബാബ ഓരോ ചുവടുകളിലും ശ്രീമതം നൽകുകയാണ്, എന്നിട്ടും അപ്രകാരം നടക്കുന്നില്ലായെങ്കിൽ ബാബയ്ക്ക് എന്തു ചെയ്യാൻ കഴിയും.

ബാബ പറയുകയാണ്, നിങ്ങൾ ഈശ്വരീയ സന്താനങ്ങളിൽ വളരെ രാജകീയതയും ചാതുര്യവും വേണം. വളരെ സ്നേഹത്തോടെ നിങ്ങൾ എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. ചോദിക്കണം, പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്തു സംബന്ധമാണ്? പരമാത്മാവ് സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അധികാരി പദവി ലഭിക്കണം. നിങ്ങൾക്ക് സമ്പത്ത് ലഭിച്ചിരുന്നു, അതിനെ നഷ്ടപ്പെടുത്തി, ഇപ്പോൾ വീണ്ടും നൽകുകയാണ്. ഇവിടത്തെ ലക്ഷ്യമാണ് ലക്ഷ്മീ-നാരായണനെപ്പോലെയാകുകയെന്നത്. ബാബ തീർച്ചയായും സത്യയുഗീ രാജ്യമാണ് നൽകുക. നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യേണ്ടതുണ്ട്. സർവ്വർക്കും ജീവൻമുക്തി നൽകണം – 21 ജന്മത്തേയ്ക്ക്. നിങ്ങൾ തന്നെയാണ് മഹാൻ പുണ്യാത്മാക്കൾ. നിങ്ങളെപ്പോലെ പുണ്യാത്മാക്കൾ വേറെ ആരും തന്നെയില്ല. പുണ്യത്തിന്റെ ലോകത്തിലേയ്ക്ക് പോകുന്നവരാണ് നിങ്ങൾ, വളരെ മധുരമുള്ളവരായി മാറണം. ഇത് പതിത പാവനനായ ബാബയും ദാദയുമാണ്. കുട്ടികളെ വേശ്യാലയത്തിൽ നിന്ന് മാറ്റി ശിവാലയത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. ഇതിനെ ഘോരമായ നരകമെന്നും പറയാം. ഇവിടെ ദുഃഖം തന്നെ ദുഃഖമാണ്. ബാബ വന്നിരിക്കുകയാണ് നിങ്ങളെ ദുഃഖധാമത്തിൽ നിന്നും മാറ്റി സുഖധാമിലേയ്ക്ക് കൊണ്ടുപോകാൻ. നമ്മൾ അങ്ങിനെയുള്ള പാരലൗകിക മാതാ-പിതാവിൽ നിന്നും സദാ സുഖമെടുക്കുന്നതിനും, കൂടിക്കാഴ്ച നടത്തുന്നതിനും വേണ്ടിയാണ് വന്നിരിക്കുന്നത്. ഇത് വളരെ സന്തോഷത്തിന്റെ കാര്യമാണ്. നിങ്ങൾക്ക് സന്തോഷമുണ്ട്, എന്തെന്നാൽ നിങ്ങൾ ശിവാലയം സ്ഥാപി

ക്കുന്ന നിഷ്കളങ്കരുടെ നാഥനായ ബാബയുടെ അടുത്ത് പോകുകയാണ്. ഓർമ്മിക്കേണ്ടതും ശിവനെയാണ്, രഥത്തെയല്ല.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയോട് സദാ സത്യമായിരിക്കണം, ഒന്നും തന്നെ ഒളിപ്പിക്കരുത്. വളരെ വളരെ രാജകീയതയോടെയും വിവേകത്തോടും കൂടി നടക്കണം.

2) 21 ജന്മത്തേയ്ക്ക് ഓരോരുത്തർക്കും ജീവൻ മുക്തി നൽകുന്നതിന്റെ സേവനം ചെയ്ത് പുണ്യാത്മാവായി മാറണം. ആത്മാവാകുന്ന സൂചിയിൽ പറ്റിയ കറകളെ ഓർമ്മയുടെ യാത്രയിലിരുന്ന് അകറ്റണം.

## വരദാനം:- സ്നേഹത്തിന്റെ ഇന്ധനത്തിലൂടെ സമീപതയുടെ അനുഭവം ചെയ്യുന്ന പദവിയോടെ വിജയിക്കുന്ന വിജയിക്കുന്നവരായി ഭവിക്കൂ

സ്നേഹത്തിന്റെ ശക്തിയിലൂടെ എല്ലാ കുട്ടികളും മുന്നേറിക്കൊണ്ടിരിക്കുന്നുണ്ട്. സ്നേഹത്തിന്റെ ഊർജ്ജം ശരീരം കൊണ്ട്, മനസ്സുകൊണ്ട്, ഹൃദയം കൊണ്ട് ബാബയുടെ സമീപം കൊണ്ടുവരുന്നു. ജ്ഞാന, യോഗ, ധാരണയിൽ യഥാശക്തി സംഖ്യാക്രമത്തിലാണ് എന്നാൽ സ്നേഹത്തിൽ എല്ലാവരും നമ്പർ വണ്ണാണ്. സ്നേഹത്തിൽ എല്ലാവരും വിജയികളാണ്. സ്നേഹത്തിന്റെ അർത്ഥം തന്നെ കൂടെ കഴിയുക, വിജയിക്കുക സഹജമായി തന്നെ മറികടക്കുക. ഇങ്ങനെ കൂടെ കഴിയുന്നവർ തന്നെയാണ് പദവിയോടെ വിജയിക്കുന്നത്.

## സ്ലോഗൻ:- മായയുടെയും പ്രകൃതിയുടെയും കൊടുങ്കാറ്റുകളിൽ സുരക്ഷിതമായി കഴിയണമെങ്കിൽ ഹൃദയ സിംഹാസനധാരിയാകൂ.